(ഡി) ഹാച്ചറിക്കാവശ്യമായ സാങ്കേതിക ഉപദേശം എം. പി. ഇ. ഡി. എ.-യുടെ കീഴിലുള്ള ടാസ്പാർക്ക് (ദി ആന്ധ്രാപ്രദേശ് ഷ്രിംപ് സീഡ് പ്രൊഡക്ഷൻ സർവ്വേ ആന്റ് റിസർച്ച് സെന്റർ) എന്ന സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ഇ) സുസ്ഥിര ചെമ്മീൻ കൃഷി വികസന പദ്ധതിയല്ലാതെ മറ്റ് പദ്ധതികൾ നടപ്പാക്കുന്നില്ല.

ആദിവാസി സമൂഹത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

*7 [952] ശ്രീ. സി. മോയിൻകുട്ടി:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഇപ്പോഴുള്ളത്;

(ബി) ഇവർക്ക് വരുമാനദായകമായി പരിപാടികളാവിഷ്കരിക്കുവാൻ മറ്റു വകുപ്പുകളുമായി ആലോചിച്ച് സംയോജിത പദ്ധതികൾ രൂപീകരിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ആദിവാസി സമൂഹത്തിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതിക്ക് പരമാവധി 10,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നുണ്ട്. സാങ്കേതിക പരിശീലനം സിദ്ധിച്ച പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിനായി പരമാവധി 3000 രൂപ വരെ ഗ്രാന്റായി നൽകുന്നുണ്ട്. ഈ വകുപ്പിന്റെ കീഴിൽ 23 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിലൂടെ തയ്യൽ, ചൂരൽപണി, വീവിംഗ്, കാർപ്പെന്ററി മുതലായ ട്രേഡുകളിൽ പരിശീലനം നൽകി സ്വയം തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാക്കുന്നു. ഇവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായവും നൽകിവരുന്നു. കൂടുതൽ തൊഴിൽ സാധ്യതയുള്ള ആധുനിക ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് എൽ. ഡി. വി. റ്റി. അംഗീകാരത്തോടുകൂടി തിരുവനന്തപുരം ജില്ലയിലെ കുടമല, പത്തനംതിട്ട ജില്ലയിലെ റാന്നി, ഇടുക്കി ജില്ലയിലെ പൂത്തേടം എന്നിവിടങ്ങളിൽ 3 ഐ. റ്റി. സി.-കൾ പ്രവർത്തിക്കുന്നുണ്ട്.

ഐ. റ്റി. ഐ., ഐ. റ്റി. സി. പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ അഡീഷണൽ അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് ഈ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റൈപന്റ് നൽകി വരുന്നു. പട്ടികവർഗ്ഗക്കാരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുന്നതിന് വയനാട്ടിലെ അരുത എന്ന സന്നദ്ധ സംഘടനയ്ക്ക് നടപ്പു വർഷം 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി സ്വയംതൊഴിലിന് പ്രാപ്തരാക്കുന്നതിന് ഇൻഫർമേഷൻ ടെക്നോളജി സ്കീമിൽ നടപ്പുവർഷം 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്ക് അഭിരുചിയുള്ള എന്തു തൊഴിൽ ചെയ്യുന്നതിനും അവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി നടപ്പുവർഷം പ്രത്യേക കേന്ദ്ര സഹായനിധിയിൽ 54.450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്ക് കുടുംബശ്രീ പദ്ധതിപ്രകാരം ചെറുകിട സംരംഭങ്ങളിൽ വിവിധ തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനവും ധനസഹായവും നൽകുന്നുണ്ട്. ഇതനുസരിച്ച് പ്രാരംഭഘട്ടമായി വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട് കുടുംബശ്രീ പട്ടികവർഗ്ഗക്കാരുടെ അയൽക്കൂട്ടങ്ങളിലൂടെ പട്ടികവർഗ്ഗ വനിതകളുടെ ചെറുകിട സംരംഭങ്ങളായ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, ലോട്ടറി, ഹാന്റിക്രാഫ്റ്റ്, കോഫിപൗഡർ, സോപ്പു നിർമ്മാണം ഡയറക്ട് മാർക്കറ്റിംഗ് എന്നിവ ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർ ഉൽപ്പാദിപ്പിക്കുന്ന വനവിഭവങ്ങൾ സഹകരണസംഘങ്ങൾ/ഗ്രാമ വികസന വകുപ്പ് നടത്തുന്ന വിപണനമേളകളിൽക്കൂടി വിപണനം നടത്തി വരുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ കുടിയിരുത്തി സ്ഥിരമായ വരുമാനം ഉണ്ടാക്കേണ്ട വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗക്കാരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്കും ഇതിൽ മുൻതൂക്കം നൽകുന്നുണ്ട്.

ഗിരിവർഗ്ഗങ്ങളുടെ ഭക്ഷണക്രമം

*8 [953] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ഡി. സുഗതൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗിരിവർഗ്ഗ സെറ്റിൽമെന്റുകളിൽ നിവസിക്കുന്ന ഗിരിവർഗ്ഗങ്ങളുടെ ഭക്ഷണക്രമം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലോ കൂലിയോ ഇല്ലാത്ത ഇവർക്ക് ഏത് രീതിയിലാണ് പോഷകാഹാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly